ഉത്തരം

(എ&ബി) മിനിമം പെൻഷൻ ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഖദീജാബീവി ഗവൺമെന്റിന് 12-9-1994-ൽ (ധനകാര്യവകുപ്പ്) നല്കിയ അപേക്ഷ പരിഗണിക്കുകയും 13-4-1972 മുതൽ അനധികൃതമായി ഹാജരാകാതിരുന്ന കാലയളവ് റഗുലറൈസ്ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം അംഗീകരിക്കുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 13-4-1972 മുതൽ 30-9-1990 വരെ അനധികൃതമായി ഹാജരാകാതിരുന്ന കാലഘട്ടം അവധിയായി കണക്കാക്കണമെന്നുള്ള ടിയാളുടെ അപേക്ഷ ഗവൺമെന്റിൽ പരിഗണനയിലുണ്ട്. അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിന്ന സാഹചര്യവും രോഗത്തിന്റെ വിശദവിവരവും മറ്റും അറിയിക്കുവാൻ അപേക്ഷകയോട് നിരവധിപ്രാവശ്യം ആവശ്യപ്പെട്ടിട്ടും ശ്രീമതി ഖദീജാബീവി പ്രസ്തുത രേഖകൾ ഹാജരാക്കുകയോ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ലെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വേണ്ട മേൽനടപടികൾ എടുക്കുന്നതാണ്.

വികലാംഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

107 (1233) ശ്രീ. എൻ.ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരായ സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാന വിദ്യാഭ്യാസവകുപ്പ് നൽകിവരാറുള്ള സ്കോളർഷിപ്പ് കഴിഞ്ഞ രണ്ടു വർഷമായി വിതരണം നടത്തിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് വിതരണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) സ്കോളർഷിപ്പ് വീണ്ടും വിതരണം നടത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) സംയോജിത വിദ്യാഭ്യാസപദ്ധതി വഴി സാമ്പത്തിക സഹായം വിതരണം ചെയ്തിട്ടുണ്ട്. 1997-98-ൽ 24234 വിദ്യാർത്ഥികൾക്കായി 2,12,09,508 രൂപയും 1998-1999-ൽ 22960 വിദ്യാർത്ഥികൾക്കായി 2,03,00,060 രൂപയും സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഡി.പി.ഇ.പി. സംയോജിത വിദ്യാഭ്യാസ പദ്ധതി

108 (1234) ശ്രീ. ടി. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.ഇ.പി. സംയോജിത വിദ്യാഭ്യാസ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ശാരീരികമായും മാനസികമായും വൈകല്യമുള്ള കുട്ടികൾക്കായി ഈ പദ്ധതി എപ്രകാരമാണ് പ്രാവർത്തികമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly